<u>പതിനാലാം കേരള നിയമസഭ</u>

<u>ഒമ്പതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 898</u> <u>25.01.2018-ന് മറുപടിയ്ക്ക്</u>

<u>വനത്തിലെ നദികളിൽനിന്ന് മണൽ</u>

<u>ചോദ്യം</u>

ശ്രീ. അൻവർ സാദത്ത്

<u>മറുപടി</u>

ശ്രീ. കെ. രാജു
(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വനങ്ങൾക്കുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരിക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത് നടപ്പിലാക്കിയത്; ഇതിലൂടെ എത്ര മണൽ ശേഖരിക്കുവാൻ കഴിഞ്ഞു; അതിന്റെ വിപണനത്തിലൂടെ എന്ത് തുക ലഭിച്ചു; | (ബി) | തിരുവനന്തപുരം വനം ഡിവിഷനിലെ കുളത്തൂപ്പുഴ റെയിഞ്ചിലെ ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽ നിന്നാണ് മണൽ ശേഖരിക്കുന്നത്. ഈ കടവുകളിൽ നിന്നും 1794m³ മണൽ ശേഖരിച്ചിട്ടുണ്ട്. മണൽ വിൽപ്പന ആരംഭിച്ചിട്ടില്ല. |
| (സി) | പരിസ്ഥിതിക്ക് കോട്ടം തട്ടാതെ മണൽ ശേഖരിക്കുന്നതിനുള്ള ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ; | (സി) | നടത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയത്; പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്? | (ഡി) | District Expert Appraisal Committee (DEAC) മുഖാന്തിരമാണ് പാരിസ്ഥിതിക പഠനം നടത്തിയിട്ടുള്ളത്. കമ്മിറ്റി സ്ഥല പരിശോധനയ്ക്ക് ശേഷം 04.05.2017 ലെ കമ്മിറ്റിയുടെ മീറ്റിംഗിൽ മേൽപ്പറഞ്ഞ കടവുകളിൽ നിന്ന് 6000m³ മണൽ നിബന്ധനകൾക്ക് വിധേയമായി ശേഖരിക്കാമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശ District Enviornmental Impact Assessment Authority വിശദമായി പരിശോധിക്കുകയും 26.05.2017 ലെ അതോറിറ്റിയുടെ H/DEIAA/KLM/4314/17-ാം നമ്പർ ഉത്തരവ് പ്രകാരം 31.05.2017 വരെയോ, മൺസൂൺ തുടങ്ങുന്നതിന് മുമ്പോ ഏതാണാദ്യമെന്നാൽ അതുവരെ പ്രസ്തുത കടവുകളിൽ നിന്നും 6000m³ മണൽ ശേഖരിക്കാൻ ഉത്തരവായി. |

സെക്ഷൻ ഓഫീസർ